ശ്രീ. പി. സി. ജോർജ്: അത് ഞാൻ എങ്ങനെയാണ് പറയുന്നത്. കമലേട്ടത്തിയെ മണിയടിച്ച് എങ്ങനെയെങ്കിലും ഈ ബില്ല് പാസ്സാക്കി എടുക്കാൻ പറ്റുമോയെന്നാണ് ഞാൻ നോക്കുന്നത്. ഞാനും മന്ത്രിയുമായി അടിയുണ്ടാക്കുന്ന കാര്യം അതിനിടയ്ക്കു ചോദിച്ച് നിങ്ങൾ ബുദ്ധിമുട്ടിക്കരുത്. വളരെ നിസ്സാരമായ ഒരു കാര്യമാണ് ഞാൻ ഈ സഭയിൽ ബില്ലായി കൊണ്ടുവന്നത്. അങ്ങനെ നിസ്സാരമായ ഒരു മാറ്റം വേണമെന്ന് ഞാൻ ഗവൺമെൻറിന്റെ മുമ്പിൽ ഉന്നയിച്ചിട്ട്, എന്തുകൊണ്ടാണെന്ന് അറിയുകയില്ല, കമലേട്ടത്തി ഒബ്ജക്ട് ചെയ്യുന്നുവെന്നു പറയുന്നത്. അത് ശരിയല്ല. കമലേട്ടത്തിയോട് വല്ല ഉദ്യോഗസ്ഥൻമാരും അതിനെതിരായി പറഞ്ഞിട്ടുണ്ടെങ്കിൽ, ആ ഉദ്യോഗസ്ഥൻമാർ കമലേട്ടത്തിയെ ചുറ്റിക്കാൻ വേണ്ടി ചെയ്യുന്ന വേലയാണെന്നു മനസ്സിലാക്കിക്കൊണ്ട്, ഞങ്ങൾ എം. എൽ. എ. മാർ കമലേട്ടത്തിക്ക് സിന്ദാബാദ് വിളിച്ചവരും കൈ പൊക്കിയവരുമാണെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് ഈ നിയമം അംഗീകരിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പി. സി. ജോർജിന് അടുത്ത ആഴ്ച തുടരാം.

(3) അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയം

1. 1985-ലെ കേരള ഭവന നിർമ്മാണ സഹകരണസംഘം ബിൽ

ശ്രീ. എം. എം. ഹസ്സൻ: 1985-ലെ കേരള ഭവനനിർമ്മാണ സഹകരണ സംഘം ബിൽ അവതരിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ: ഇത് എന്നോടുവേണമോ. എം. വി. രാഘവനെപോലെയും കാനം രാജേന്ദ്രനെപ്പോലെയും അപകടകാരിയൊന്നുമല്ല ഞാൻ. ഈ ഗവൺമെൻറിന് യാതൊരു കുഴപ്പവും ഉണ്ടാക്കുന്ന ആളല്ല ഞാൻ. താങ്ങുന്നവരെ തലോടുകയല്ലാതെ തഴയാമോ? കേരളത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ വേണ്ടി കഴിഞ്ഞ 15 കൊല്ലമായി ശ്രമിച്ചുവരുന്ന കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷന്റെയും 200-ഓളം വരുന്ന പ്രാഥമിക ഭവന നിർമ്മാണ സഹകരണസംഘങ്ങളുടേയും പ്രവർത്തനം ശക്തിപ്പെടുത്താനും അതിനെ നിയന്ത്രിക്കാനും അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും വേണ്ടിയുള്ള ഒരു ഒറിജിനൽ ബില്ലാണ് ഞാൻ അവതരിപ്പിക്കുന്നത്. ഇതിനെ എന്തിനാണ് ഗവൺമെൻറ് എതിർക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

ശ്രീ. ടി. കെ. ഹംസ: അങ്ങ് ഈ ഗവൺമെൻറിന് ഒരു ബുദ്ധിമുട്ടും ഉണ്ടാക്കുകയില്ലായെന്നു പറഞ്ഞു. അങ്ങ് എവിടെ പോയാലും കമിഴ്ന്നേ വീഴുകയുള്ളൂ, തഞ്ചത്തിനനുസരിച്ച് നിൽക്കും എന്നല്ലേ അതിന്റെ അർത്ഥം?

ശ്രീ. എം. എം. ഹസ്സൻ: ഞാൻ നിങ്ങളെപ്പോലെയല്ല. ഭാഗ്യത്തിനോ നിർഭാഗ്യത്തിനോ ഞാൻ രണ്ടു തവണയും ഭരണ പക്ഷത്തായിരുന്നു. ഗവൺമെൻറിനെ തലോടലാണ് എന്റെ ജോലി. എം. വി. രാഘവന്റെയോ കാനം രാജേന്ദ്രന്റെയോ ബില്ലിനെ എതിർക്കുന്നതുപോലെ കമലേട്ടത്തി ഒറ്റ വാചക

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഇതിനേയും ഒബ്ജക്ട് ചെയ്യുന്നുവെന്നു പറഞ്ഞതിൽ സത്യത്തിൽ വേദനയുണ്ട്. ഞങ്ങളെയൊക്കെ അൽപംകൂടി പരിഗണിക്കണം. അങ്ങ് സ്പീക്കർ ആകുന്നതിനുമുമ്പ് അനൗദ്യോഗിക അംഗങ്ങളുടെ പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ചെയർമാനായിരുന്നു. ഇപ്പോഴും ഞാനാണ് ആ സമിതിയുടെ ചെയർമാൻ. ഒറിജിനൽ ബില്ലുകളും, ഗവൺമെൻറിന് ബുദ്ധിമുട്ടില്ലാത്ത ബില്ലുകളും ഗവൺമെൻറ് അംഗീകരിക്കുന്നകാര്യം ഗൗരവമായി പരിഗണിക്കണമെന്നാണ് ആ സമിതിയുടെ അദ്ധ്യക്ഷൻ എന്നുള്ള നിലയിൽ അപേക്ഷിക്കാനുള്ളത്. ബഹുമാനപ്പെട്ട സ്പീക്കർകൂടി ഇക്കാര്യത്തിൽ മുൻകൈയെടുക്കണമെന്ന് എനിക്കപേക്ഷയുണ്ട്.

മി. സ്പീക്കർ: ഇതുസംബന്ധിച്ച് ശിൽപ്പശാലയുടെ റക്കമെൻറേഷനുണ്ട്. അതിനെറ ഇംപ്ലിമെൻറേഷൻ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അതുവരെ മെംബർമാർക്ക് കൂടുതൽ അവസരം കിട്ടാൻവേണ്ടിയാണ് ഇങ്ങനെ വിളിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എം. എം. ഹസ്സൻ: ഈ ബില്ലുകൊണ്ട് യാതൊരു ദുഷ്യവും ഉണ്ടാകുന്നില്ലെന്നു മാത്രമല്ല സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ വളരെയധികം മെച്ചം ഉണ്ടാകും. 15 കൊല്ലമായിട്ട് സ്റേറററ് കോ-ഓപ്പറേറീവ് ഹൗസിംഗ് ഫെഡറേഷൻ പ്രവർത്തിക്കുന്നു. 200 ലധികം പ്രാഥമിക കേന്ദ്രങ്ങളും ഇതിൻെറ കീഴിലുണ്ട്. 500 കോടി രൂപയിലേറെ ഈ സംഘത്തിലൂടെ കഴിഞ്ഞ 15 കൊല്ലമായി പാർപ്പിട പ്രശ്നം പരിഹരിക്കാൻ വായ്പ കൊടുത്തുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ സാധാരണക്കാരും ഇടത്തരക്കാരും പാവപ്പെട്ടവരുമായ ആളുകൾക്ക് ഈ തുക ദീർഘകാല വായ്പയായി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് 18,000 ത്തോളം വീടുകൾ ഞങ്ങൾ ഇതിനകം കെട്ടിക്കഴിഞ്ഞു. ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറൻമാരായ വി. സി. കബീറിനേയും ഇസ്മയിലിനേയും പി. കെ. വേലായുധനേയും കൊണ്ടെല്ലാം ഞാൻ വീടുകെട്ടിക്കുകയാണ്. ഇവർക്കെല്ലാം ഈ സംഘത്തിൻെറ പ്രവർത്തനംകൊണ്ട് പ്രയോജനം ഉണ്ടായിട്ടുണ്ട്. ഈ സംഘം ദീർഘകാല വായ്പ കൊടുക്കുന്ന സംഘമായതുകൊണ്ട് ഈ സംഘത്തിൻെറ കുടിശ്ശിക പിരിക്കുന്നതിനും ആർബിട്രേഷൻ കേസിലും എക്സിക്യൂഷൻ കേസിലും അകപ്പെട്ടിട്ടുള്ള തുക പിരിച്ചെടുക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. 1969-ലെ സഹകരണ ആക്ടിൻെറ പരിധിയിലാണ് ഇതിൻെറ പ്രവർത്തനം വരുന്നത്. ഇതിന് പ്രത്യേകമായ ഒരു നിയമം ആവശ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ ഈ സംഘത്തിൻെറ പ്രവർത്തനത്തിന് വളരെ ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർക്ക് ഹൗസ് കൺസ്ട്രക്ഷനുവേണ്ടി വായ്പ കൊടുക്കാൻ ഗവൺമെൻറിന് ബുദ്ധിമുട്ടുള്ളതുകൊണ്ട് ഞങ്ങളുടെ സംഘങ്ങളിലൂടെ കൊടുക്കുന്ന ഈ വായ്പയ്ക്ക് മൂന്നു ശതമാനം പലിശ സബ്സിഡി നൽകാമെന്നു സമ്മതിച്ചു, അത് നൽകിക്കൊണ്ടിരുന്നതാണ്. അത് ഈ സംഘങ്ങൾക്കാണ് കൊടുക്കുന്നത്. ഇങ്ങനെ 202 ഓളം സംഘങ്ങൾക്ക് പലിശ സബ്സിഡി ഇനത്തിൽ 54 ലക്ഷം രൂപ ഈ ഗവൺമെൻറ് ഞങ്ങൾക്ക് തരാനുണ്ട്. ഈ സംഘത്തിന് ഈ വർഷത്തെ ബഡ്ജറ്റിൽ ഒന്നര ലക്ഷം രൂപയാണ് കൊള്ളിച്ചിരിക്കുന്നത്. എങ്ങനെ ഈ സംഘങ്ങൾ കുടിശ്ശികയാകാതെ രക്ഷപ്പെട്ടുപോകും? ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർക്ക് ഭവന നിർമ്മാണ വായ്പ കൊടുക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് സഹകരണ ഭവന നിർമ്മാണ സംഘങ്ങളിലൂടെ വായ്പ കൊടുക്കുന്നു. അതിന് പലിശ സബ്സിഡി ഗവൺമെൻറ് കൊടുക്കുന്നുണ്ട്. അതിനുള്ള പണം കണ്ടെത്തണ്ടയോ? ഗവൺമെൻറിൻെറ ബാദ്ധ്യതയല്ലേ അത്. സർക്കാർ ജീവനക്കാർ അവരുടെ അവകാശം

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളനിലയിൽ വായ്പ എഴുതുന്നതാണ്. ഞങ്ങളുടെ സംഘങ്ങൾ എല്ലാം കൂടിശ്ശികയാണ്. 15 ശതമാനത്തിനുമേൽ കൂടിശ്ശിക വന്നാൽ ആ സഹകരണ വേനനിർമ്മാണ സംഘത്തിന് ഞങ്ങൾ വായ്പ പാസ്സാക്കി കൊടുക്കാറില്ല. പുതിയ വായ്പക്കാർക്ക് വരാൻ നിവൃത്തിയില്ല. വീടു വയ്ക്കാൻ പണം കിട്ടുകയില്ല. അവർക്ക് സഹകരണ വേനനിർമ്മാണ സംഘങ്ങളുടെ പ്രവർത്തനം കൊണ്ട് ഗുണം ഉണ്ടാകില്ല. 200 സംഘങ്ങളും ഈ 54 ലക്ഷം രൂപ കിട്ടാതെ വിഷമിക്കുകയാണ്. പലതവണ ഞാൻ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ മുമ്പിൽ നിവേദനം നടത്തിയതാണ്. ഞങ്ങളുടെ സംഘങ്ങളുടെ ഭാരവാഹികൾ വന്ന് നിവേദനം നടത്തിയതാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ജോലിയിൽ വ്യാപൃതനായിരിക്കുകയാണ്. അദ്ദേഹത്തിന്റെയും ബഹുമാനപ്പെട്ട കമലേട്ടത്തിയുടേയും ശ്രദ്ധയ്ക്കുവേണ്ടി ഞാൻ പറയുകയാണ് ഈ 54 ലക്ഷം രൂപ ഞങ്ങൾക്ക് തന്നില്ലെങ്കിൽ നിങ്ങളെ രണ്ടു പേരേയും ഞങ്ങൾ വിടില്ല, ഈ സെക്രട്ടേറിയറ്റിന്റെ പടിക്കൽ ഞങ്ങൾ സത്യാഗ്രഹം ചെയ്യുമെന്ന് ഞാൻ മുന്നറിയിപ്പു നൽകുകയാണ്. .....ബഹളം .....നിങ്ങളുടെ സഹകരണം ഞങ്ങൾക്ക് വളരെയധികം ആവശ്യമാണ്. അതുകൊണ്ട് വേനനിർമ്മാണസംഘങ്ങൾക്ക് പലിശ സബ്സിഡി ഇനത്തിലുള്ള 54 ലക്ഷം രൂപ ഉടനടികൊടുത്ത് ഈ സഹകരണസംഘങ്ങളുടെ പ്രവർത്തനത്തെ രക്ഷിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അങ്ങേക്ക് അടുത്ത ദിവസം തുടർന്നു സംസാരിക്കാം.

2 1985-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ

ശ്രീ. സി. ടി. കൃഷ്ണൻ: 1985-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബില്ലിന് അവതരണാനുമതി നൽകണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി ശ്രീ. കെ. ശിവദാസൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: ശ്രീ. ഹസ്സൻ പറഞ്ഞതുപോലെ എന്തു കൊള്ളരുതായ്മകളും ചെയ്യുന്ന ഗവൺമെന്റിനെ ഞാൻ പിന്താങ്ങും. ഈ ബില്ലിനെ അവതരണാനുമതി നൽകണമെന്ന് കെഞ്ചാനൊന്നും ഞാൻ തയ്യാറല്ല. കേരളത്തിലെ 23 ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിച്ചെങ്കിലും ഈ ബിൽ ചർച്ച ചെയ്യാനും ഇതിലെ ഭേദഗതികൾ പാസാക്കാനും മന്ത്രിക്ക് ധൈര്യമുണ്ടാകണമെന്നുമാത്രമാണ് ഇതേസംബന്ധിച്ച് എനിക്കഭിപ്രായപ്പെടാനുള്ളത്.

1974-ൽ പാസ്സാക്കിയ കർഷകത്തൊഴിലാളി നിയമമാണ്. പതിനൊന്നുകൊല്ലം കഴിഞ്ഞു. കാലോചിതമായ പല മാറ്റങ്ങളും ഭേദഗതികളും ഇതിനാവശ്യമാണ്. ശ്രീ. വക്കം പുരുഷോത്തമൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന അവസരത്തിലാണ് കേരള കർഷകത്തൊഴിലാളി നിയമം പാസ്സാക്കിയത്. അന്ന് ഇത് മാഗ്നാകാർട്ടയാണെന്നുപറഞ്ഞ് രാജ്യം മുഴുവൻ പ്രചരിപ്പിച്ചു നടന്നതാണ്. കർഷകത്തൊഴിലാളി സംഘടനകളും ഞങ്ങളുമൊക്കെ പറഞ്ഞു ഇതിൽ തൊഴിലാളി ദ്രോഹമുണ്ട്, തൊഴിലാളികളെ ദ്രോഹിക്കുന്ന പല വകുപ്പുകളും ഉണ്ട്. ധാരാളം കൊള്ളരുതായ്മകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly